5150/15 2175

**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3824 20/07/2015 ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനു സ്വാതന്ത്ര്യസമര സേനാനിയുടെ പേര്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അമ്പലത്തുകര മടിക്കൈ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനു സ്വാതന്ത്ര്യസമരസേനാനി മടിക്കൈ കുഞ്ഞിക്കണ്ണന്റെ പേര് നൽകണം എന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ; | (എ)<br>&<br>ബി) | കാഞ്ഞങ്ങാട് മണ്ഡലത്തിലെ അമ്പലത്തുകര മടിക്കൈ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിനു സ്വാതന്ത്ര്യ സമര സേനാനി മടിക്കൈ കുഞ്ഞിക്കണ്ണന്റെ പേര് നൽകണം എന്ന് ആവശ്യപ്പെട്ട് കൊണ്ട് കാസർഗോഡ് ഡിഡിഇയ്ക്ക് നൽകിയ നിവേദനം കാസർഗോഡ് ജില്ലാ പഞ്ചായത്തിന്റെ അഭിപ്രായത്തിനായി സമർപ്പിച്ചിരുന്നു. 29.06.2015 ലെ വിദ്യാഭ്യാസ ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 26(1)/2015 നമ്പർ തീരുമാന പ്രകാരം പ്രസ്തുത സ്കൂളിന്റെ പേര് മാറ്റേണ്ടതില്ലെന്ന് കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 23.07.2015 ലെ ഇ 3/1063/2015 പ്രകാരമുള്ള കത്ത് 24.07.2015 ന് കാസർഗോഡ് ഡിഡിഇ ക്ക് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് യുക്തമായ തീരുമാനം കൈകൊള്ളുന്നതാണ്. |
| ബി) 16-02-2015 ന് നടന്ന മടിക്കൈ ഗ്രാമപഞ്ചായത്ത് യോഗത്തിൽ 18/15-ാം നമ്പരായി അനുകൂല തീരുമാനം കൈക്കൊണ്ട് കാസർഗോഡ് ഡി.ഡി.ഇ ക്ക് മറുപടി നൽകിയിട്ടും സർക്കാർ തീരുമാനം വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | |

(signature)

സെക്ഷൻ ഓഫീസർ